കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരുമ്പളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി14-509/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി. 10.06.2019
ഫോൺ – 0477 2252753
ഇ-മെയിൽ : ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

.

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമ്പളം ഗ്രാമ പഞ്ചായത്ത്

.

.

സർ,

വിഷയം : പെരുമ്പളം ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

2. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി14-509/19 തീയതി: 10.06.2019

# ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.08.2017മുതൽ 30.09.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ. ജി. ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 10.01.2019 മുതൽ<br>23.01.2019 വരെ | ശ്രീ. ആർ. രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. പുഷ്പരാജ്. വി. കെ, അസി. ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

1. പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. കെ. എസ്. ഷിബു | 01.04.2017 മുതൽ 31.03.2018 വരെ |

2. സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. കെ. എം. ഷിബു | 01.04.2017 മുതൽ 07.07.2017 വരെ |

| | | |
|---|---|---|
| 2 | ശ്രീ. നൗഫൽ. എ (ഇൻ ചാർജ്) | 08.07.2017 മുതൽ 16.07.2017 വരെ |
| 3 | ശ്രീമതി. ബിജി. എസ് | 17.07.2017 മുതൽ 04.08.2017 വരെ |
| 4 | ശ്രീ. നൗഫൽ. എ (ഇൻ ചാർജ്) | 05.08.2017 മുതൽ 15.08.2017 വരെ |
| 5 | ശ്രീ. പി. ആർ. സജി | 16.08.2017 മുതൽ 2.09.2017 വരെ |
| 6 | ശ്രീ. നൗഫൽ. എ (ഇൻ ചാർജ്) | 03.09.2017 മുതൽ 10.09.2017 വരെ |
| 7 | ശ്രീ. പി. എസ്. വിപിനചന്ദ്രൻ | 11.09.2017 മുതൽ 01.11.2017 FN വരെ |
| 8 | ശ്രീ. ലത.എ.മേനോൻ | 01.11.2017 AN മുതൽ 31.03.2018വരെ |

(സി) സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | പേര് | സ്റ്റാന്റിംഗ് കമ്മറ്റി | കാലയളവ് |
|---|---|---|---|
| 1 | ശ്രീമതി. ഗീത സന്തോഷ് | ധനകാര്യം | 01.04.2017മുതൽ 31.03.2018 വരെ |
| 2 | ശ്രീമതി. അരുണ ശ്രീകുമാർ | വികസനകാര്യം | 01.04.2017മുതൽ 31.03.2018 വരെ |
| 3 | ശ്രീമതി. ശോഭന ചക്രപാണി | ക്ഷേമകാര്യം | 01.04.2017മുതൽ 31.03.2018 വരെ |
| 4 | ശ്രീ. പി. ഡി. സജീവ് | ആരോഗ്യ വിദ്യാഭ്യാസം | 01.04.2017മുതൽ 31.03.2018 വരെ |

3. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. രമ | 01.04.17 മുതൽ 30.05.17വരെ |
| | | ശ്രീമതി. ജാൻസി | 31.05.17 മുതൽ 31.03.18 വരെ |
| 2 | കൃഷി ഓഫീസർ | ശ്രീമതി. ലത. ഇ. വി | 01.04.17 മുതൽ 28.06.17വരെ |
| | | ശ്രീ. ശിവദാസൻ. ഡി | 29.06.17മുതൽ 18.10.17വരെ |
| | | ശ്രീമതി. അനു. ആർ. നായർ | 19.10.17 മുതൽ 31.03.18വരെ |
| 3 | വെറ്റിനറി സർജൻ | ഡോ. ശീതൾ. ജി. മോഹൻ | 01.04.17 മുതൽ 7.06.17വരെ |
| | | ഡോ. ധന്യ. വി. പൈ | 08.06.17 മുതൽ 31.03.18വരെ |
| 4 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഷാഹുൽ | 01.04.17 മുതൽ 31.03.18 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശശികല. വി. എസ് | 01.04.17 മുതൽ 31.03.18 വരെ |

| | | | |
|---|---|---|---|
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശോഭന | 01.04.17 മുതൽ 10.12.17വരെ |
| | | ശ്രീമതി. ലിനി. ജെ | 11.12.17 മുതൽ 31.03.18 വരെ |
| 7 | ഹെഡ്മാസ്റ്റർ | ശ്രീമതി. ജയന്തി. വി. കെ | 01.04.17 മുതൽ 31.03.18 വരെ |
| 8 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. പൊന്നമ്മ. കെ. ജെ | 01.04.17 മുതൽ 31.03.18 വരെ |
| 9 | വി.ഇ.ഒ – പെരുമ്പളം നോർത്ത് | ശ്രീ. മനോജ്. കെ. കെ | 01.04.17 മുതൽ 31.03.18 വരെ |
| | വി.ഇ.ഒ – പെരുമ്പളം സൗത്ത് | ശ്രീ. ജുനൈദ്. പി. എസ് | 01.04.17 മുതൽ 31.10.17 വരെ |
| | | വേക്കന്റ് | 01.11.17 മുതൽ 03.01.18 വരെ |
| | | ശ്രീമതി. ബിൻസി | 04.01.18 മുതൽ 31.03.18 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ. |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | വാർഷിക കണക്കിലെ ന്യൂനതകൾ |
| 12 | 2-1 | വസ്തുനികുതി ഡിമാന്റ് കുറവ് ചെയ്തതിന്റെ വിശദാംശങ്ങളില്ല |
| 13 | 2-2 | അനധികൃത കെട്ടിടത്തിന് നിയമാനുസൃത നമ്പരിൽ പ്രവർത്തനാനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നത് |
| 14 | 2-3 | തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല |
| 15 | 2-4 | ഡി & ഒ ലൈസൻസ് -അപാകങ്ങൾ |
| 16 | 2-5 | ജങ്കാർ വാടക- ഈടാക്കാത്തത് നഷ്ടം സംബന്ധിച്ച്. |

| | | |
|---|---|---|
| 17 | 3-1 | പ്ലാൻ ഇംപ്രസ്റ്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് അവശേഷിച്ച തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചത് സംബന്ധിച്ച്. |
| 18 | 3-2 | ഇ.എം.എസ് ഭവനപദ്ധതി വായ്പയിൽ അധിക തിരിച്ചടവ് |
| 19 | 3-3 | ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതം- പ്രോജക്ട് രൂപീകരിക്കാതെ തുക ചെലവഴിച്ചു. |
| 20 | 3-4 | സാനിട്ടറി നാപ്കിൻ യൂണിറ്റ് സ്ഥാപിക്കൽ ക്വട്ടേഷൻ നിരക്കിലുമധികം തുക നൽകി |
| 21 | 3-5 | പാലിയേറ്റീവ് പരിചരണം -മരുന്നുവാങ്ങലിലെ അപാകങ്ങൾ |
| 22 | 3-6 | വീട് വയറിംഗ് -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 23 | 3-7 | S.C.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം-48/18)-രേഖകൾ ലഭ്യമാക്കിയില്ല |
| 24 | 3-8 | യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. |
| 25 | 3-9 | ബാരൽ വില ഈടാക്കാത്തത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം. |
| 26 | 3-10 | പദ്ധതി തുകയുടെ വിനിയോഗവിവരം ഹാജരാക്കുന്നത് |
| 27 | 3-11 | രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച് |
| 28 | 3-12 | ഐ.കെ.എം വിഹിതം -ടെക്നിക്കൽ അസിസ്റ്റന്റിന്റെ കുടിശ്ശിക വേതനം- മതിയായ രേഖകളില്ലാതെ തുക അനുവദിച്ചു |
| 20 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 21 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 22 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ |
| 23 | 4-4 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം |
| 24 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 25 | 4-6 | ഓഡിറ്റ് റിക്കവറി |
| 26 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 27 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 28 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 29 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 30 | അനുബന്ധം - 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 31 | അനുബന്ധം - 2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| അംഗീകരിച്ച തീയതി | 21.03.2017 |
| തീരുമാനം നമ്പർ | 1 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 77923150 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ്. | 77242000 |

## 1-2 സാമ്പത്തിക വിശകലനം.(രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 7016830 |
| വരവ് | 30723914 |
| ആകെ | 37740744 |
| ചെലവ് | 34450447 |
| നീക്കിയിരിപ്പ് | 3290297 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 6765000 | 6765000 | 6165534 | 599466 |
| വികസന ഫണ്ട് (എസ്.സി.പി) | - | 1456109 | 1456109 | 1365340 | 90770 |
| വികസന ഫണ്ട് (ടി.എസ്.പി) | - | 101959 | 101959 | 65799 | 36160 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | - | 1476000 | 1476000 | 1476000 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | - | 2591000 | 2591000 | 2498843 | 92157 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 3129636 | 3129636 | 3129636 | 0 |
| -കെ.എൽ.ജി.എസ്.ഡി.പി | - | 29399 | 29399 | 29399 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 682949 | 98896 | 781845 | 65000 | 716845 |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 1419438 | 3520000 | 4939438 | 4548812 | 390626 |
| റ്റി.എസ്.ബി (ജോയന്റ് വെഞ്ചർ) | - | 2840736 | 2840736 | 1281190 | 1559546 |
| പ്ലാൻ ഇംപ്രസ്റ്റ് | 763879 | 21674 | 785553 | 785553 | 0 |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട്. | 11199 | 1536 | 12735 | - | 12735 |
| എൻ.ആർ.ഇ.ജി.എസ് | 31615 | 536544 | 568159 | 562758 | 5401 |
| തനത് ഫണ്ട്. | 4091216 | 9115270 | 13206486 | 12634736 | 571750 |
| തനത് ഫണ്ട് (ക്യാഷ്) | 16534 | 33394 | 49928 | 16534 | 33394 |

## 1-5 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 18 | 4125021 | 16 | 2712172 | | 2 | 65.75% |
| സേവനം | 72 | 15196720 | 61 | 10570022 | | 11 | 69.55% |
| പശ്ചാത്തലം | 27 | 6907981 | 17 | 4493030 | 3 | 7 | 65.04% |
| ആകെ | 117 | 26229722 | 94 | | 3 | 20 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 31615 | 536544 | 568159 | 562758 | 5401 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 17466242 | 17466242 | 17466242 | 0 |
| ആകെ | 31615 | 18002786 | 18034401 | 18029000 | 5401 |

## 1-7 ക്ഷേമ പദ്ധതികൾ.

| ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 82560 | 140 |
| കർഷകതൊഴിലാളി പെൻഷൻ | 3420300 | 279 |
| വിധവാപെൻഷൻ | 3975900 | 338 |
| വാർദ്ധക്യകാലപെൻഷൻ | 8279600 | 681 |
| വികലാംഗപെൻഷൻ | 1287700 | 104 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 333000 | 25 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60000 | 2 |

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2018 | 10-11/2018 | 03.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2016 | 2012-13/2015-16 | വിവരം ലഭ്യമാക്കിയില്ല |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2019 11 എ. എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 128/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് നിയന്ത്രണവുമായി ബന്ധപ്പെട്ട് വേണ്ടത്ര ജാഗ്രത ഓഫീസ് മേധാവി പുലർത്തി കാണുന്നില്ല. സ്ഥാപനത്തിൽ ജീവനക്കാരുടെ ജോലിവിഭജനം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ സെക്രട്ടറി കണ്ട് ഇൻഷ്യൽ ചെയ്തിട്ടില്ല എന്ന് കാണുന്നു. സ്ഥാപനത്തിൽ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററും,

സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. ഇതിനു പകരമുള്ള സൂചിക സോഫ്റ്റ്‌വെയർ വേണ്ട രേഖപ്പെടുത്തലുകൾ നടത്താത്തതു മൂലം ഫലപ്രദമാകുന്നില്ല. പേഴ്സണൽ രജിസ്റ്ററിന്റെ അഭാവത്തിൽ/ സൂചിക സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ ഓരോ സെക്ഷനുകളും കൈപ്പറ്റുന്ന തപാലുകൾ സേവനാവകാശ നിയമ പ്രകാരമുള്ള കാലയളവിനുള്ളിൽ തീർപ്പാക്കപ്പെടുന്നുണ്ടോയെന്ന് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥന് പരിശോധിക്കാനാവുന്നില്ല.

പഞ്ചായത്തിലെ വരവ് ചെലവ് കണക്കുകളുമായി ബന്ധപ്പെട്ട് സാംഖ്യ സോഫ്റ്റ്‌വെയറിൽ വരുത്തുന്ന രേഖപ്പെടുത്തലുകൾ അക്കൗണ്ടന്റ്, ഐ.കെ.എം-ന്റെ ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർ മാത്രമാണ് പരിശോധിക്കുന്നത്. അക്കൗണ്ടിംഗ് റൂൾ പ്രകാരം പ്രിന്റൗട്ടെടുത്ത് അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ട രേഖകളൊന്നും യഥാസമയം സൂക്ഷിക്കുന്നതായി കാണുന്നില്ല.
ആസ്തി രജിസ്റ്ററിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെയും പുതുതായി ആർജിച്ച ആസ്തികളുടെയും വിവരം പൂർണമായി ഉൾക്കൊള്ളിച്ചിട്ടില്ല.

ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

## 1-11 വാർഷിക കണക്കിലെ ന്യൂനതകൾ

ഈ ഓഫീസിലെ 24.07.2018-ലെ കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(39)/2018 നമ്പറായി നല്കിയ ഓഡിറ്റ് റിപ്പോർട്ടിന് ഓഡിറ്റ് വേളയിൽ മറുപടി ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ വാർഷിക പത്രികകൾ എന്ന ശീർഷകത്തിന് കീഴിലെ ക്രമ നം. 2, 6 എന്നിവ പ്രകാരം സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ മാത്രമാണ് പൂർണമായും പരിഹരിക്കപ്പെട്ടതായി പരിശോധനയിൽ ബോധ്യപ്പെട്ടത്. മറ്റുള്ള ന്യൂനതകൾ പൂർണമായും പരിഹരിച്ച് വിശദമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 9 പ്രകാരമുള്ള ന്യൂനതയിൽ പറഞ്ഞിട്ടുള്ള 456190/- രൂപ പൂർണമായും ജില്ലാ പഞ്ചായത്ത് വിഹിതമല്ല. ഇതിൽ 214643/- രൂപ മാത്രമാണ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 241547/- രൂപ ഗ്രാമ പഞ്ചായത്തിൽ നിന്നു തന്നെ 2016-17 സാമ്പത്തിക വർഷം ലൈൻ എക്സ്റ്റൻഷന് വേണ്ടി വിവിധ ഫണ്ടുകളിൽ നിന്നും പിൻവലിച്ച് ജോയന്റ് വെഞ്ചർ പ്രോജക്ടിനായുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതാണ്.
തൻവർഷം വിവിധ പദ്ധതികളിലായി ഡെപ്പോസിറ്റ് വർക്കിന് വേണ്ടി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവയിൽ തദനുസരണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

വാർഷിക കണക്കിൽ വ്യതിയാനം വരുത്തിയതിനാൽ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകളിൽ താഴെപ്പറയും പ്രകാരം വ്യത്യാസം വന്നിട്ടുണ്ട്.

| | ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്ക് പ്രകാരം | പുതുക്കിയ വാർഷിക കണക്ക് പ്രകാരം |
|---|---|---|
| മുൻബാക്കി | 7016830 | 7016830 |
| വരവ് | 30696672 | 30723914 |
| ആകെ | 37713502 | 37740744 |
| ചെലവ് | 34450447 | 34450447 |
| നീക്കിബാക്കി | 3263055 | 3290297 |

പുതുക്കിയ വാർഷിക കണക്കിലെ തുകകളാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി ഡിമാന്റ് കുറവ് ചെയ്തതിന്റെ വിശദാംശങ്ങളില്ല

പെരുമ്പളം ഗ്രാമപഞ്ചായത്ത് 2017-18വാർഷിക ധനകാര്യ പത്രിക പ്രകാരം റെസിഡെൻഷ്യൽ, നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റിൽ നിന്നും യഥാക്രമം 70,795/- രൂപ, 221048/- രൂപ വീതം കുറവ് 2017-18 ൽ വരുത്തിയിട്ടുണ്ട്. വസ്തു നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ, കെട്ടിട നമ്പർ, അപേക്ഷകൾ, അന്വേഷണ റിപ്പോർട്ട്, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി തീരുമാനം പോലുള്ള വിശദാംശങ്ങൾ ഹാജരാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ മതിയായ രേഖകളില്ലാത്തതും നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കാത്തതും ഗൗരവതരമാണ്. കൃത്യമായ മാനദണ്ഡങ്ങളുടെയും രേഖകളുടേയും അടിസ്ഥാനത്തിലല്ലാതെ, കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കപ്പെടുന്നതിലൂടെ, പഞ്ചായത്തിന്റെ വരുമാനം നഷ്ടപ്പെടുന്ന സാഹചര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 2-2 അനധികൃത കെട്ടിടത്തിന് നിയമാനുസൃത നമ്പറിൽ പ്രവർത്തനാനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നത്

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശപരിപാലന നിയമം (2011 ലെ ഭേദഗതി) പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്ത് പൂർണ്ണമായും CRZ കാറ്റഗറി 3 വിഭാഗത്തിൽ പെടുന്നതാണ്. ഇവിടെ വേലിയേറ്റ പരിധിയിൽ (HTL) നിന്നും കരഭാഗത്തേക്ക് 50 മീറ്ററിനുള്ളിൽ പുതിയ നിർമ്മാണങ്ങൾ പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ പ്രാദേശിക സമൂഹത്തിന്റെ വാസഗൃഹങ്ങളുടെ അറ്റകുറ്റപ്പണികൾ, പുനർനിർമ്മാണം എന്നിവ മാത്രമാണ് നിബന്ധനകൾക്കും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതിക്കും വിധേയമായി നടത്താവുന്നത്. വാണിജ്യാവശ്യത്തിനുള്ള നിർമ്മാണങ്ങൾക്ക് പൂർണ്ണമായ നിരോധനം ബാധകമാണ്.

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ കെട്ടിട പെർമിറ്റ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 11/04/2017 ൽ എ3-942/2017 നമ്പരായി പഞ്ചായത്ത് 5-ാം വാർഡിലെ ശ്രീ. റ്റി. കെ. ചന്ദ്രൻ, ഉണ്ടുപറമ്പിൽ, പെരുമ്പളം എന്നയാളുടെ പേരിലുള്ള 7-ാം നം. കെട്ടിടത്തിൽ ഘടനാവ്യത്യാസം വരുത്തി മിനി ഓഡിറ്റോറിയം എന്ന വാണിജ്യാവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നതിനായി ബിൽഡിംഗ് റഗുലറൈസേഷൻ അപേക്ഷ നൽകിയിരുന്നു. ഈ ഫയൽ പരിശോധിച്ചതിൽ പെരുമ്പളം ഗ്രാമപഞ്ചായത്ത് ധനകാര്യസ്ഥിരം സമിതിയുടെ 07/06/2017 ലെ 3-ാം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കെട്ടിട ഉടമകളിൽ നിന്നും ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നതായും ഇത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/06/2017 ലെ എ3/352/17 ഉത്തരവ് പ്രകാരം ആക്ഷേപങ്ങളിൽമേൽ നടപടി സ്വീകരിച്ചതിന്റെ വിവരം തയ്യാറാക്കി ഉത്തരവ് പുറപ്പെടുവിച്ചതായും രേഖയുണ്ട്. പ്രസ്തുത പട്ടികയിൽ വാർഡ് 5-ൽ ക്രമ നം. 36 ആയി ശ്രീ. റ്റി. കെ. ചന്ദ്രൻ, ഉണ്ടുപറമ്പിൽ, പെരുമ്പളം എന്നയാളുടെ പേരിലുണ്ടായിരുന്ന 5/7 നം. കെട്ടിടത്തിന്റെ നിലവിൽ രേഖകളിലുള്ള 50 ചതുരശ്രമീറ്റർ വിസ്തീർണ്ണം 200 ചതുരശ്രമീറ്റർ ആയി ഉയർത്തുന്നതിന് അനുവദിച്ചിട്ടുണ്ട്.

എന്നാൽ 11/04/2017 ൽ ശ്രീ. റ്റി. കെ. ചന്ദ്രൻ, ഉണ്ടുപറമ്പിൽ, എ3-942/2017 നമ്പരായി നൽകിയ അപേക്ഷയിൽ ഇതേ കെട്ടിടത്തിലെ (5/7) തടി മിൽ പ്രവർത്തിക്കാത്തതിനാൽ ജീർണ്ണിച്ച ഈ കെട്ടിടം പൊളിച്ചുമാറ്റി പകരം അവിടെ ഒരു മിനി ഹാൾ നിർമ്മിച്ചതിനാണ് റഗുലറൈസേഷൻ അപേക്ഷ നല്കിയിരുന്നത്. ഇത് സംബന്ധിച്ച് ഓവർസീയർ 25/04/2017ൽ നൽകിയ അന്വേഷണ റിപ്പോർട്ടിൽ തടിമിൽ ആയിരുന്ന കെട്ടിടം പൊളിച്ച് മാറ്റി മിനി ഹാളായി പുതുക്കി നിർമ്മാണം നടത്തിയിട്ടുണ്ടെന്നും മിനിഹാളെന്ന പേരിൽ പുതുക്കി നിർമ്മിച്ച കെട്ടിടത്തിന് ഉടമസ്ഥത നൽകാമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനാൽ തന്നെ കെട്ടിട ഉടമ അപേക്ഷ നൽകിയ തിയതിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 11/04/2017 ലെ അപേക്ഷയിൽ തടി മിൽ പ്രവർത്തിക്കാത്തതിനാൽ ജീർണ്ണിച്ച കെട്ടിടം പൊളിച്ചുമാറ്റി പകരം മിനി ഹാൾ നിർമ്മിക്കുന്നതായി

അറിയിച്ച ശേഷമാണ് ജീർണ്ണിച്ച തടിമിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം അതേ പേരിൽ തന്നെ 2013-14 മുതൽ പ്രാബല്യത്തിൽ നാലിരട്ടി വർദ്ധിപ്പിച്ച് സെക്രട്ടറി ഉത്തരവായിട്ടുള്ളത് (14/06/2017 ലെ എ3/352/17 ഉത്തരവ്). ഈ തുകയുടെ നികുതിയും കുടിശ്ശികയുമായി 22147/- രൂപ 11/07/2017 ലെ 17010100289-ാം നമ്പർ രസീതി വഴി പഞ്ചായത്തിൽ സ്വീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ അംഗീകൃത പ്ലാൻ പ്രകാരം 10.72x 18.11 മീ വിസ്തീർണ്ണമുള്ള ഹാളാണ് നിർമ്മിച്ചിട്ടുള്ളത്. ഗ്രൗണ്ട് ഫ്ലോറിൽ 201.12 ച. അടിയും ടോയ്‌ലറ്റ് ബ്ലോക്ക് 4.26 ച. അടിയും ഉൾപ്പടെ ആകെ 206 ച. മീ ആണ് കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം. ഓവർസീയർ പരിശോധിച്ച് അംഗീകരിച്ച ബിൽഡിംഗ് പ്ലാനിൽ നിലവിലുണ്ടായിരുന്ന തടി മിൽ കെട്ടിടത്തിൽ (V/7) നിന്നും മാറി കിഴക്ക് വശത്തായാണ് പുതിയ കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. നൽകിയിരിക്കുന്ന പ്ലാനിൽ നിലവിലുള്ള കെട്ടിടം അതേപടി നിലനിൽക്കേയാണ് അതിന് മുൻവശത്തായി പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ബേസിക് ഡാറ്റാ വിവരങ്ങളിൽ ഉൾപ്പടെ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 206 ച. മീറ്ററെന്നും ഉപയോഗക്രമം കയർപിരി ഷെഡ്, കൈത്തറി ഷെഡ് എന്നിങ്ങനെയാണ് നിലവിലും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ കെട്ടിടത്തിൽ രചന എന്ന പേരിൽ ഓഡിറ്റോറിയം, ഹോംസ്റ്റേ, ടോയ്‌ലറ്റ് സമുച്ചയം എന്നിവയാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിന്റെ ഉത്ഘാടനത്തോടനുബന്ധിച്ച് ഇത് 250 പേർക്കിരിക്കാവുന്ന, ഫർണ്ണീച്ചർ, അടുക്കള സൗകര്യത്തോടെയുള്ള ഓഡിറ്റോറിയമെന്നും അനുബന്ധമായി സൗകര്യപ്രദമായ ഹോംസ്റ്റയും സജ്ജമാണെന്നും അറിയിച്ചിട്ടുണ്ട്..

വേമ്പനാട് കായൽ തീരത്ത് കാറ്റഗറി 3 വിഭാഗത്തിൽ 50 മീറ്റർ തീരദേശപരിധിക്കുള്ളിൽ പഴയ കെട്ടിട നമ്പറിന്റെ മറവിൽ 206 ചതുരശ്ര അടി വാണിജ്യകെട്ടിടം പെർമിറ്റില്ലാതെ നിർമ്മിക്കുകയും ഇതിന്റെ സമീപത്തുണ്ടായിരുന്ന പഴയ കെട്ടിടത്തിന്റെ നമ്പർ നൽകി നിയമാനുസൃത കെട്ടിടമായി മൂന്നുവർഷം മുമ്പേ മുതലുള്ള പ്രാബല്യത്തിൽ കുടിശ്ശിക ഈടാക്കുകയും ചെയ്തിട്ടുള്ളതായി ഇതിൽ നിന്നും വ്യക്തമാകുന്നതാണ്.

<u>*ഫയലിൽ കണ്ടെത്തിയ പ്രധാന വസ്തുതകൾ ചുവടെ ചേർക്കുന്നു.*</u>

1. 2011 ലെ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണ ഉത്തരവ് വരെ 5/7 നമ്പരായ കെട്ടിടം സെസ് ഉൾപ്പടുത്താതെ 170/- രൂപ നികുതി നിർണ്ണയിച്ചിരുന്ന തടി മിൽ ആണ്. വസ്തുനികുതി പരിഷ്കരിച്ചപ്പോൾ ഈ കെട്ടിടത്തിന്റെ നികുതി 340/- ആയി വർദ്ധിപ്പിച്ചിരുന്നു. (പഴയ കെട്ടിടങ്ങൾക്കുള്ള പരമാവധി 100% വർദ്ധന). 2016-17 വരെ ഈ നിരക്കിലാണ് നികുതി നൽകിയിരുന്നത്. ഇതിൽ നിന്നും റഗുലറൈസേഷൻ അപേക്ഷ നൽകുന്നത് വരെ ഇത് 50 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടമായിരുന്നു എന്ന് വ്യക്തമാണ്.

2. 11/04/2017ൽ കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷയിൽ തടിമിൽ പ്രവർത്തിക്കുന്നില്ലായെന്നും കെട്ടിടം ജീർണ്ണാവസ്ഥയിലുള്ളതിനാൽ പൊളിച്ചുമാറ്റി മിനിഹാൾ നിർമ്മിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിനാണ് രണ്ട് മാസത്തിന് ശേഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/06/2017 ലെ എ3/352/17 ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ നിലവിലുണ്ടായിരുന്ന 50 ചതുരശ്രമീറ്റർ വിസ്തീർണ്ണം 200 ചതുരശ്രമീറ്റർ ആയി ഉയർത്തുന്നതിന് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച് ലഭിച്ച അപേക്ഷ, വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട്, ഹെഡ്ക്ലർക്കിന്റെ ശുപാർശ എന്നിവയും അപേക്ഷ സാധൂകരിക്കുന്നതിന് ഹാജരാക്കിയ തെളിവുകളോ രേഖകളോ പോലുള്ള യാതൊരു രേഖകളുമില്ലാതെയാണ് കെട്ടിടത്തിന്റെ വിസ്തീർണ്ണം പഞ്ചായത്ത് രേഖകളിൽ മാറ്റിയത്. ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങൾ ഉടമകൾ അപേക്ഷ നൽകി വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ ഇവിടെ ജീർണ്ണിച്ച കെട്ടിടത്തിന് 14/06/2017 ൽ 5 വർഷ മുൻകാല പ്രാബല്യം നൽകി വിസ്തീർണ്ണം വർദ്ധിപ്പിച്ച് നൽകിയത് അപേക്ഷാതിയതിയിൽ നിർമ്മാണം പൂർത്തീകരിച്ച അനധികൃത കെട്ടിടം പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാണ്.

3. 11/04/2017ൽ കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷ സംബന്ധിച്ച് ഓവർസീയർ 25/04/2017ൽ നൽകിയ അന്വേഷണ റിപ്പോർട്ടിൽ തടിമിൽ ആയിരുന്ന കെട്ടിടം പൊളിച്ച് മാറ്റി മിനി ഹാളായി പുതുക്കി നിർമ്മാണം നടത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനാൽ തന്നെ അപേക്ഷാതിയതിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ നിരോധനമുള്ള വേമ്പനാട് കായൽ തീരത്ത് പഴയ കെട്ടിട നമ്പറിന്റെ മറവിൽ 206 ചതുരശ്ര അടി വാണിജ്യകെട്ടിടം പെർമിറ്റില്ലാതെയും യാതൊരുവിധ അനുമതികളും വാങ്ങാതെയും നിർമ്മാണം പൂർത്തീകരിച്ചു.

4. 2017 ൽ നിർമ്മിച്ച ഈ കെട്ടിടത്തിന് 2013-14 സാമ്പത്തിക വർഷം മുതൽ പ്രാബല്യം നൽകി നികുതി ഈടാക്കിയത് വഴി ഈ അനധികൃത കെട്ടിടനിർമ്മാണത്തെ 2013-14 സാമ്പത്തിക വർഷം മുതൽ നിയമാനുസൃത കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി നിയമപ്രാബല്യം നൽകി. പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിലെ ബേസിക് ഡാറ്റാ വിവരങ്ങളിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം 206 ച. മീറ്ററെന്നും ഉപയോഗക്രമം കയർപിരി ഷെഡ്, കൈത്തറി ഷെഡ് എന്നിങ്ങനെയാണ് നിലവിലും രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ കെട്ടിടത്തിൽ രചന എന്ന പേരിൽ ഓഡിറ്റോറിയമാണ് പ്രവർത്തിക്കുന്നത്.
5. വാണിജ്യനിർമ്മാണങ്ങൾക്ക് പൂർണ്ണമായ നിരോധനം ബാധകമായ വേമ്പനാട് കായൽ തീരത്തിന്റെ 50 മീറ്റർ തീരദേശപരിധിക്കുള്ളിൽ പഴയ കെട്ടിട നമ്പറിന്റെ മറവിൽ 206 ചതുരശ്ര അടി വാണിജ്യകെട്ടിടം പെർമിറ്റില്ലാതെ നിർമ്മിക്കുകയും ഇതിന്റെ സമീപത്തുണ്ടായിരുന്ന പഴയ കെട്ടിടത്തിന്റെ നമ്പർ നൽകി നിയമാനുസൃത കെട്ടിടമായി മാറ്റുകയും വാണിജ്യാവശ്യത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്തു. 11/04/2017 ൽ ഉടമസ്ഥൻ സമർപ്പിച്ച റഗുലറൈസേഷൻ അപേക്ഷയിൽ തന്നെ പഴയ കെട്ടിട നമ്പറിൽ അനധികൃത കെട്ടിടനിർമ്മാണം നടക്കുന്നുവെന്ന് അറിഞ്ഞിട്ടും സെക്രട്ടറി നിർമ്മാണത്തിന് സ്റ്റോപ്പ് മെമ്മോ നൽകുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തില്ല. കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടിയെടുക്കേണ്ട പഞ്ചായത്ത് സെക്രട്ടറി അനധികൃത നിർമ്മാണം നിയമാനുസൃതമാക്കുന്നതിനാണ് നടപടി സ്വീകരിച്ചത്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉടമയുടെ ആവശ്യാർത്ഥം സ്ഥലപരിശോധന നടത്തി വിസ്തീർണ്ണം വർദ്ധിപ്പിച്ച് നൽകിയതാണെന്നും കെട്ടിടത്തിന്റെ ഒക്കുപ്പൻസിയിൽ യാതൊരുമാറ്റവും വരുത്തിയിട്ടില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. കെട്ടിട ഉടമ നൽകിയ അപേക്ഷ തന്നെ ഇതിന് വിരുദ്ധമാണ്. അതിൽ തടിമില്ല് ജീർണ്ണിച്ചതിനാൽ പൊളിച്ചുമാറ്റി മിനിഹാൾ നിർമ്മിച്ചതായി അറിയിച്ചിരുന്നു. അപേക്ഷാ തീയതിയിൽ നിലവിലില്ലാതിരുന്ന പഴയ കെട്ടിടത്തിന്റെ വിസ്തീർണ്ണമാണ് മുൻകാല പ്രാബല്യം നൽകി വർദ്ധിപ്പിച്ചത്. കെട്ടിടത്തിന്റെ ഒക്കുപ്പൻസിയിൽ മാറ്റം വരുത്താതുമൂലം നിലവിലില്ലാത്ത തടിമില്ലിന്റെ കുറഞ്ഞ നിരക്കിൽ നികുതി നൽകിയാണ് കെട്ടിട ഉടമ അനധികൃത കെട്ടിടത്തിൽ ഓഡിറ്റോറിയം, ഹോംസ്റ്റേ, ടോയ്‌ലറ്റ് സമുച്ചയം എന്നിവയുടെ പ്രവർത്തനം നടത്തിവരുന്നത്. ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിലും തുടർപ്രവർത്തനങ്ങളിലും കേന്ദ്ര-സംസ്ഥാന-പ്രാദേശിക സർക്കാരുകളുടെ നിരവധി നിയമങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഈ വിഷയത്തിൽ ഗൗരവതരവും വിശദവുമായ അന്വേഷണം ആവശ്യമായതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി വരവ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

   ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും ഒന്നും രണ്ടും അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. ഈയിനത്തിലായി ലഭിക്കേണ്ട പ്രതിവർഷം 2,500/- രൂപയുടെ വരുമാനം ലഭിച്ചിട്ടില്ല.

2. തൊഴിൽ നികുതി ഈടാക്കിയില്ല.

   പഞ്ചായത്തിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള പാലിയേറ്റീവ് നഴ്സിന് പ്രതിമാസം 15,000/- രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്.എന്നാൽ രണ്ട് അർദ്ധവർഷത്തെയും തൊഴിൻ നികുതി ഈടാക്കിയിട്ടില്ല.

3. താത്കാലിക ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കുന്നത് പരിഗണിക്കുന്നില്ല.

   ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രത്യേകിച്ച് സ്കൂളുകളിലും സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ കരാർ, ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ

നിയമിച്ചുവരുന്നുണ്ട്. നിലവിലെ മിനിമം വേതന നിരക്കുകളും സർക്കാർ സ്ഥാപനങ്ങളിലെ കരാർ, ദിവസ വേതന നിരക്കുകളും തൊഴിൽ നികുതി സ്ലാബുകളിലെ വരുമാന പരിധിയിൽ പെടുന്നതിനാൽ ഇവരിൽ നിന്നും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ രണ്ട് അർദ്ധവർഷങ്ങളിലേയും തൊഴിൽ നികുതി സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരുടെ വിവരങ്ങളും നികുതിയും മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അംഗീകൃത തസ്തികകളുടെ എണ്ണം, ഒഴിവ്, പകരമുള്ള നിയമനം എന്നിവ പരിശോധിക്കപ്പെടുന്നില്ല.

മേൽവിഷയങ്ങൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി മുഖേന അറിയിച്ചതു പ്രകാരം തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി മറുപടി നൽകിയിട്ടുണ്ട്. തുക കൃത്യമായി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് -അപാകങ്ങൾ

2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധച്ചതു പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുക്കാതെയും ബിസിനസിന്റെ സ്വഭാവപ്രകാരം കുറഞ്ഞ തുക മാത്രം ഫീസ് നൽകിയുമാണ് പ്രവർത്തിക്കുന്നത്. സിമന്റ് വ്യാപാരം, മെഡിക്കൽ ഷോപ്പ്, ചായക്കട, ബേക്കറി, ബിൽഡിംഗ് മെറ്റീരിയൽസ്, ടെക്സ്റ്റൈൽസ് എന്നിങ്ങനെ വിവിധ തരം വ്യാപാരങ്ങളിൽ നിന്നും വിറ്റുവരവിന്റെ തോത് പരിഗണിക്കാതെ 100/- രൂപ വീതമാണ് ഏതാണ്ട് എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഫീസായി ഈടാക്കിയിട്ടുള്ളത്. വർഷങ്ങളായി ഈടാക്കിവരുന്ന അതേ നിരക്കിലുള്ള ഫീസ് തന്നെയാണ് സ്ഥാപനങ്ങളുടെ വിറ്റുവരവിലെ ആനുപാതിക വർദ്ധന കണക്കിലെടുക്കാതെ ഈടാക്കി വരുന്നത്.

1996 ലെ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ, റേഷൻ ഡിപ്പോകൾ, കൺസ്യൂമർ സ്റ്റോർ (പട്ടിക ക്രമ നം. -149) പാരാമെഡിക്കൽ, ലാബുകൾ (ക്രമ നം. -143) അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം-132), ഫോട്ടോകോപ്പി, കംപ്യൂട്ടർ ടൈപ്പ് റൈറ്റിംഗ് വർക്ക് നടത്തുന്ന സ്ഥാപനങ്ങൾ (ക്രമ നം-127) വാഹന റിപ്പയറിംഗ് (ക്രമ നം-145) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടുമില്ല.

പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയുൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് 2017-18 വർഷം തയ്യാറാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം., ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ഫീസ്, തൊഴിൽ നികുതി എന്നിവയടങ്ങിയ സമഗ്രമായ ഒരു ലിസ്റ്റ് തയ്യാറാക്കുന്നത് നികുതി, ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നതിനും വരുമാന ചോർച്ച ഇല്ലാതാക്കുന്നതിനും അനിവാര്യമാണ്. രജിസ്റ്ററിൽ ഡി&ഒ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവരുടെ പേര് വിവരം മാത്രമാണ് നിലവിൽ എഴുതി സൂക്ഷിച്ചുവരുന്നത്.ഇതിനാൽ ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കൃത്യമായ വിവരശേഖരണം, തുടർനടപടികൾ എന്നിവ സാധ്യമാകുന്നില്ല. D&O ലൈസൻസ് രജിസ്റ്ററിൽ ചില ബിസിനസ് സ്ഥാപനങ്ങളുടെ പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ സ്ഥിര മേൽവിലാസമാണ് ചേർത്തിട്ടുള്ളത്. ഇത് മൂലം സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും നടത്തുന്ന ബിസിനസ്, വിറ്റുവരവ് എന്നിവ സംബന്ധിച്ച അപേക്ഷയിലെ വിവരങ്ങളും പരിശോധിക്കുവാൻ സാധിക്കുന്നില്ല. പല സ്ഥാപനങ്ങളും അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. ദിവസേനയുള്ള വിറ്റുവരവ് പോലുള്ള വിവരങ്ങൾ ഭൂരിഭാഗം അപേക്ഷകളിലും രേഖപ്പെടുത്തുന്നില്ല.

നിലവിൽ (2018-19 ൽ) വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എല്ലാ വ്യാപാരങ്ങൾക്കും നിയമാനുസൃതം ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ജങ്കാർ വാടക- ഈടാക്കാത്തത് നഷ്ടം സംബന്ധിച്ച്.

പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം 2017-18 സാമ്പത്തിക വർഷം ബാലൻസ് ഷീറ്റിൽ ബി-15 sundry debtors ശീർഷകത്തിൽ other rent receivables എന്ന ഹെഡിൽ 10,54,277/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം ജങ്കാർ കരാറുകാരായ ശ്രീ. പ്രസന്നൻ, പള്ളിപ്പാട്ട് എന്നയാളുടെ കുടിശ്ശികയായി 987755/- രൂപയും ശ്രീ. രാഘവൻ വട്ടത്തറയുടെ കുടിശ്ശികയായി 103000/- രൂപയും ലഭിക്കാനുണ്ട്. ഈ കണക്കുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല. വാടക കുടിശ്ശിക ലഭിക്കാനുള്ളതിന്റെ വിശദവിവരങ്ങളും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും ലഭ്യമാക്കിയിട്ടില്ല.

പാണാവള്ളി ഗ്രാമപഞ്ചായത്തിലെ പെരുമ്പളം മാർക്കറ്റ് - പാണാവള്ളി ജങ്കാർ സർവ്വീസിന്റെ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2017-18 കാലയളവിൽ 01/04/2017 മുതൽ 22/04/2017 വരെ ശ്രീ. മോഹനൻ, മുക്കണ്ണംചിറ, പെരുമ്പളം എന്നയാളും 23/04/2017 മുതൽ 04/05/2017 വരെ പഞ്ചായത്ത് നേരിട്ടും 05/05/2017 മുതൽ 31/03/2018 വരെ ശ്രീ. അലി അക്ബർ, കരീപ്പുറത്ത്, ചെമ്പ്. പി. ഒ എന്നയാളുമാണ് സർവ്വീസ് ഏറ്റെടുത്ത് നടത്തിയതായി രേഖയുള്ളത്.

രജിസ്റ്റർ പ്രകാരം 01/04/2017 മുതൽ 22/04/2017 വരെ സർവ്വീസ് നടത്തിയ ശ്രീ.മോഹനൻ, മുക്കണ്ണംചിറ, പെരുമ്പളം എന്നയാളുടെ ക്വട്ടേഷനോ പഞ്ചായത്തുമായുണ്ടാക്കിയ കരാറോ ഫയലിൽ ലഭ്യമല്ല. രജിസ്ററർ പ്രകാരം പ്രതിദിനം 10,100/- രൂപക്കാണ് ശ്രീ. മോഹനന് കരാർ നൽകിയിരുന്നത്. ആകെ 22 ദിവസമാണ് ശ്രീ. മോഹനൻ സർവ്വീസ് ഏറ്റെടുത്ത് നടത്തിയത്. ഇതിൽ 6/4/17 & 7/04/17 തീയതികളിൽ ജങ്കാർ റിപ്പയർ എന്ന് രേഖപ്പെടുത്തി കരാർ തുക ഈടാക്കിയിട്ടില്ല. എന്നാൽ ഫയലിൽ ഈ ദിവസങ്ങളിൽ റിപ്പയറിന് തുക ചെലവഴിച്ചതിന്റെ വിവരങ്ങളില്ല. ഇതൊഴികെ 20 ദിവസങ്ങളിലായി പ്രതിദിനം 10100/- രൂപ നിരക്കിൽ 2,02,000/- രൂപ ഒടുക്കേണ്ടിയിരിക്കെ വിവിധ തിയതികളിലായി ആകെ 1,91,900/- രൂപ മാത്രമാണ് ഈടാക്കിയിരിക്കുന്നത്. ബാക്കി 10,100/- രൂപ ഈടാക്കിയിട്ടില്ല. ഈ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

പഞ്ചായത്തിലെ ജങ്കാർ സർവ്വീസിന്റെ വരവ് ചെലവുകൾ പരിശോധിച്ചതു പ്രകാരം നിലവിലെ സ്ഥിതിയിൽ ജങ്കാറിന്റെ നടത്തിപ്പ് പഞ്ചായത്തിന് വലിയ ബാധ്യത സൃഷ്ടിക്കുന്നതാണ്. ജങ്കാർ സർവ്വീസ് ലാഭകരമായി നടത്താനാകില്ല എന്ന് പെരുമ്പളത്ത് ദീർഘകാലം ജങ്കാർ സർവ്വീസ് കരാറകാരായിരുന്ന കിൻകോ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ജങ്കാറിന്റെ അറ്റകുറ്റപ്പണികൾക്ക് വരുന്ന ഭാരിച്ച ചെലവ് നിലവിലെ സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടിനെ മാത്രം ആശ്രയിച്ച് നടത്താനാകാത്ത സ്ഥിതിയാണ്. വരവും ചെലവും പൊരുത്തപ്പെടുന്ന വിധം സർവ്വീസ് നടത്തുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ആരായുന്നതിന് ഭരണസമിതി തലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്ലാൻ ഇംപ്രസ്റ്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് അവശേഷിച്ച തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചത് സംബന്ധിച്ച്.

ചെക്ക് നം. 753676, തീ. 09.01.2018

പഴയകാല വാർഷിക പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി പെരുമ്പളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പെരുമ്പളം എസ്.ബി.ഐ-യിൽ ഉണ്ടായിരുന്ന അക്കൗണ്ട് (നം. 57055911291) ക്ലോസ് ചെയ്ത് ആയതിലെ ബാലൻസ് തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുന്നു. 16.11.2017-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം നം. 4 പ്രകാരമാണ് തുക തനത് ഫണ്ടിലേക്ക് നിക്ഷേപിച്ചിരിക്കുന്നത്. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3 /2008/ത.സ്വ.ഭ.വ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു തീരുമാനം എടുത്തിരിക്കുന്നത്. എന്നാൽ ഈ ഉത്തരവ് തനത് ഫണ്ട് ഇടപാടുകൾ ഒറ്റ അക്കൗണ്ടിലായി നിജപ്പെടുത്തുന്നതിന് വേണ്ടി

പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്ലാൻ ഇംപ്രസ്റ്റ് അക്കൗണ്ടിൽ അവശേഷിച്ച തുക മുൻവർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച് നിക്ഷേപിക്കപ്പെട്ടിട്ടുള്ളതാണ്. ടി തുക ഏത് ശീർഷകങ്ങളിൽ നിന്ന് പിൻവലിക്കപ്പെട്ടവയാണെന്ന് പരിശോധിച്ച് അതത് ശീർഷകങ്ങളിലേക്ക് തന്നെ തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-2 ഇ.എം.എസ് ഭവനപദ്ധതി വായ്പയിൽ അധിക തിരിച്ചടവ്

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ ഇ.എം.എസ് ഭവനപദ്ധതിക്കായി പെരുമ്പളം സഹകരണബാങ്ക് നം. 46 ൽ നിന്നും 65,62,500/- രൂപ വായ്പയെടുത്തിരുന്നു. ലോൺ പാസ്സ് ബുക്ക് പ്രകാരം 2017 മാർച്ച് 31 ന് ഈ വായ്പയിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക 1,54,382/- രൂപയായിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി പ്രോജക്ട് നം. 01/18 നിന്നും ബിൽ നം. 9/2017-18 പ്രകാരം 20/07/2017 ൽ 2,59,804/- രൂപ പിൻവലിച്ച് ബാങ്കിൽ ഒടുക്കിയിട്ടുണ്ട്. ഇതു പ്രകാരം 1,05,422/- രൂപ അധികമായി സഹകരണബാങ്കിൽ ഒടുക്കിയിട്ടുണ്ട്. പിന്നീട് ഈ അധികച്ചെലവ് കണ്ടെത്തിയതിനെ തുടർന്ന് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും തുക ഈടാക്കി ചെലാൻ മുഖാന്തിരം 28/04/18 ൽ പ്ലാൻ ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും 1,05,422/- രൂപ തെറ്റായി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കിയില്ല. അതുപോലെ അധികം നൽകിയ 105422/- രൂപയുടെ 20/07/17 മുതൽ 27/04/18 വരെയുള്ള പലിശ ഈടാക്കിയിട്ടില്ല. പെരുമ്പളം പഞ്ചായത്തിലെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് മതിയായ ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിലും തെറ്റായി തുക ചെലവഴിക്കാനിടയായത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിഹിതം- പ്രോജക്ട് രൂപീകരിക്കാതെ തുക ചെലവഴിച്ചു.

വൗച്ചർ നം. 21700411, തീയതി - 11.10.2017

2016-17 സാമ്പത്തിക വർഷം ആവിഷ്കരിച്ച രണ്ട് പദ്ധതികൾക്കായി (പ്രോജക്ട് നം. 35/17 – വാത്തികാട് കോടാലിച്ചിറ മുക്കം സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പുതിയ ലൈൻ സ്ഥാപിക്കൽ, പ്രോജക്ട് നം. 111/17 - കൊച്ചുവെളി തോട്ടുവേലി റോഡ് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ) 214643/- രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ച്വർ പ്രോജക്ടിനായുള്ള സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് 31.03.2017-ൽ (അക്കൗണ്ട് നം. 799011400001876) ട്രാൻസ്ഫർ ചെയ്ത് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈ തുക 2016-17 സാമ്പത്തിക വർഷം ചെലവഴിച്ചിരുന്നില്ല. ടി തുക 2017-18 സാമ്പത്തിക വർഷമാണ് കെ.എസ്.ഇ.ബി-യിലേക്ക് കൈമാറിയിരിക്കുന്നത് (ചെക്ക് നം. 2752744, തീ. 11.10.2017, തുക – 456190/- രൂപ (മറ്റ് ഫണ്ടുകൾ ഉൾപ്പെടെ)). എന്നാൽ മുൻ വർഷത്തെ ചെലവിൽ ഉൾപ്പെടാതിരുന്ന ഈ തുക തൻവർഷം ചെലവഴിച്ചപ്പോൾ സ്പിൽ ഓവറായി പദ്ധതിക്ക് അനുമതി വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (22.01.2019 ൽ 14-ാം നമ്പരായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല)

## 3-4 സാനിട്ടറി നാപ്കിൻ യൂണിറ്റ് സ്ഥാപിക്കൽ ക്വട്ടേഷൻ നിരക്കിലുമധികം തുക നൽകി

(പ്രോജക്ട് നം. - 33/18)

ബിൽ നം. - 3/17-18, 5,000/- രൂപ, തീയതി - 24/03/18

ബിൽ നം. - 4/17-18 Rs.30,000/- രൂപ, തീയതി - 24/03/18

പെരുമ്പളം ഗ്രാമപഞ്ചായത്ത് ഗവ. എച്ച്.എസ്.എൽ.പി.എസ് ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം പെരുമ്പളം ഗവ. ഹയർ സെക്കണ്ടറി സ്കൂളിലേക്ക് സാനിട്ടറി നാപ്കിൻ യൂണിറ്റ് സ്ഥാപിക്കുന്നതിന് പ്ലാൻ (ജനറൽ), ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയിൽ നിന്നും യഥാക്രമം 5,000/- രൂപ, 30,000/- രൂപ വീതം ആകെ 35,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. പദ്ധതി നടപ്പിലാക്കിയ പെരുമ്പളം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. ഈ സ്കൂളിന്റെ എൽ.പി/ യു.പി വിഭാഗത്തിന്റെ മാത്രം അടിസ്ഥാന സൗകര്യ വികസനത്തിനായി കെട്ടിട നിർമ്മാണം, ഫർണ്ണീച്ചർ വാങ്ങൽ എന്നിവ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിനാണ് ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവഴിക്കാവുന്നത്. ഈയിനത്തിലല്ലാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഇതേ സാമ്പത്തികവർഷം തന്നെ ഗ്രാമപഞ്ചായത്ത് ഫണ്ടില്ലാതെ തന്നെ സ്കൂളിന് നാപ്കിൻ യൂണിറ്റ് ലഭിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

2. ക്വട്ടേഷൻ പ്രകാരമാണ് സാനിട്ടറി നാപ്കിൻ യൂണിറ്റ് M/s. $6^{th}$ sense innovations എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. ഈ സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ പ്രകാരം ഫെമിന സിനി – 10 എന്ന നാപ്കിൻ destroyer ന് 18000/- രൂപയും (2.50 മീറ്റർ ജി.ഐ ഫ്ലെക്സിബിൾ ഹോസ്, ഇൻസ്റ്റലേഷൻ, പാക്കിംഗ്, ഫ്രൈറ്റ് ചാർജസ് ഉൾപ്പടെ) ഫെമിന മാന്വൽ എന്ന നാപ്കിൻ വെൻഡിംഗ് മെഷീൻ 9500/- രൂപയും (ഇൻസ്റ്റലേഷൻ, പാക്കിംഗ്, ഫ്രൈറ്റ് ചാർജസ് ഉൾപ്പടെ) ആണ് ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ നാപ്കിൻ destroyer, നാപ്കിൻ വെൻഡിംഗ് മെഷീൻ എന്നിവയുടെ വിലയ്ക്ക് പുറമേ നാപ്കിൻ destroyer-ന്റെ വിലയിൽ ഉൾപ്പെട്ടിരുന്ന 2.50 മീറ്റർ ജി.ഐ ഫ്ലെക്സിബിൾ ഹോസിന് 2500/-രൂപയും 18% G.S.T യും പ്രത്യേകമായി ചേർത്താണ് ബിൽ നൽകിയത്. കൂടാതെ നാപ്കിൻ destroyerന് ക്വാട്ട് ചെയ്തതിലും 500/- രൂപ അധികം ബില്ലിൽ വന്നിട്ടുണ്ട്. ഇക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/16.01.2019) തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച നിരക്കിലും അധികം ചെലവഴിച്ച തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ചെലവുതുക 35000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് പരിചരണം -മരുന്നുവാങ്ങലിലെ അപാകങ്ങൾ

പെരുമ്പളം സാമൂഹ്യാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും മരുന്നുവാങ്ങലിനായി 1,32,035/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഇൻവോയ്സ് പ്രകാരം (പ്രഫോർമ നം – 5429, തീയതി - 24.03.18) എയർബെഡ്, അഡൾട്ട് ഡയപ്പർ എന്നിവ വാങ്ങുന്നതിന് കോർപ്പറേഷന് 20,441/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. എന്നാൽ ഇത് പ്രകാരം മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങളൊന്നും ഹാജരാക്കിയിട്ടില്ല. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ജി.ഒ (എം.എസ്) നം. 80/2017/തസ്വഭവ, തീയതി - 03.04.2017 ഖണ്ഡിക 12.4 പ്രകാരം ആരോഗ്യസ്ഥാപനങ്ങളിലേക്കുള്ള മരുന്ന് വാങ്ങുന്ന പദ്ധതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. മാർഗ്ഗരേഖയനുസരിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുവാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കുവാനോ പാടില്ല. അതുപോലെ തദ്ദേശ സ്ഥാപനങ്ങളിലെ വാങ്ങലുകളുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം (G.O (P) No.259/2010/LSGD, dated 08.11.2010 & Circular No.17/AA1 /2016/LSGD dtd 19.03.2016) 5,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും 50,000/- രൂപക്ക് മുകളിലുള്ളവക്ക് ടെണ്ടറും ആവശ്യമാണ്. പദ്ധതികൾ നിർവ്വഹണം നടത്തുമ്പോൾ ഭാവിയിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വീട് വയറിംഗ് -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം. - 65/18

ബിൽ നം. - 07/17-18, 9000/- രൂപ, c/o 21.02.18

വി.ഇ.ഒ പെരുമ്പളം നോർത്ത് നടപ്പിലാക്കിയ വീട് വയറിംഗ് (എസ്.റ്റി വിഭാഗം) പദ്ധതിയിൽ ശ്രീമതി.അജിത, കിടങ്ങാട്ട് ചിറ, എന്ന ഗുണഭോക്താവിന് 9000/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരം ഈ ആനുകൂല്യം നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഗുണഭോക്താവ് പാലിച്ചതിന്റെ വിവരങ്ങളില്ല.

വയറിംഗിനായി കെ.എസ്.ഇ.ബി.യിൽ പണം അടച്ചതിന്റെയും നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിംഗ് സാമഗ്രികൾ ഉപയോഗിച്ചതും ലൈസൻസുള്ള ഇലക്ട്രിക് കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചതും സംബന്ധിച്ച യാതൊരുരേഖകളും ലഭ്യമാക്കാതെയാണ് സബ്സിഡി തുക നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മതിയായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ ചെലവഴിച്ച 9000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 S.C.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം-48/18)-രേഖകൾ ലഭ്യമാക്കിയില്ല

S.C.വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം. – 48/18)

ബിൽ നം. - 27/17-18, 173600/- രൂപ, c/o 28.02.18

പെരുമ്പളം ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തികവർഷം വി.ഇ.ഒ. നിർവ്വഹണം നടത്തിയ SC വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (പ്രോജക്ട് നം. – 48/18) എന്ന പദ്ധതി പ്രകാരം 7 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. ടെണ്ടർ പ്രകാരം നിയോൺ കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഒന്നിന് 24800/- രൂപ പ്രകാരം Acer Esi-533 എന്ന മോഡൽ ലാപ്ടോപ്പ് ആണ് വാങ്ങിയത്. പദ്ധതി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ/ എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ ബിരുദ, ബിരുദാനന്തര ബിരുദ, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്. പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ ആനുകൂല്യം നൽകിയ ബിജോയ് രഘു. കെ. ആർ, കോയിപ്പറമ്പ് നികർത്ത്, പെരുമ്പളം എന്ന വിദ്യാർത്ഥി നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിൽ Diploma in Mechatronics എന്ന കോഴ്സിലും അജിത ഉണ്ണികൃഷ്ണൻ, പഴക്കാറച്ചിറ, പെരുമ്പളം എന്ന വിദ്യാർത്ഥിനി ഇതേ സ്ഥാപനത്തിലെ Diploma in Computer Engg. എന്ന കോഴ്സിലും പഠിക്കുന്നവരാണ്. ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ ഈ സ്ഥാപനത്തിന്റെ സർവ്വകലാശാല അഫിലിയേഷൻ സംബന്ധിച്ച വിവരങ്ങളില്ല. അതുപോലെ വിഷ്ണു സി. വി, ചാലിൽ, പെരുമ്പളം എന്ന വിദ്യാർത്ഥി C-APT എറണാകുളം എന്ന സ്ഥാപനത്തിൽ Certificate in One Year Offset Printing Technology എന്ന കോഴ്സിൽ 01/07/16 – 30/07/17 കാലയളവിലാണ് പഠിക്കുന്നത്. മാനദണ്ഡപ്രകാരം ഒരു വർഷ സർട്ടിഫിക്കറ്റ് കോഴ്സിലെ വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നൽകുവാൻ അനുവദിച്ചിട്ടില്ല. ഇക്കാര്യങ്ങളിലുള്ള വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 17.01.2019 ൽ 9-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും സ്വകാര്യ സ്ഥാപനത്തിന്റെ സർവ്വകലാശാല അഫിലിയേഷൻ സംബന്ധിച്ച വിവരങ്ങളും സർട്ടിഫിക്കറ്റ് കോഴ്സിലെ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുവാൻ അനുവദിക്കുന്ന സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുകയായ 173600/- രൂപ ഓഡിറ്റിൽ തടസ്സം വച്ചു. ഖണ്ഡികയിലെ നിർദ്ദേശാനുസരണം പരിഹാര നടപടി സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 യഥാസമയം പ്രവർത്തി പൂർത്തീകരിക്കാത്തവരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യൂ.ഡി മാനുവൽ അനുസരിച്ച് കരാറുകാരന്റെ ഭാഗത്തുള്ള വീഴ്ച് മൂലം മരാമത്ത് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാനാവാതെ വരികയാണെങ്കിൽ സെക്ഷൻ 2112.1 പ്രകാരം ആദ്യതവണ PAC യുടെ 1% എന്ന നിരക്കിലും രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും പിഴ ഈടാക്കി പൂർത്തികരണ കാലാവധി ദീർഘിപ്പിച്ച് നല്കാവുന്നതാണ്. പെരുമ്പളം ഗ്രാമപഞ്ചായത്തിൽ കൃഷിഭവൻ നവീകരണം എന്ന പ്രവർത്തി യഥാസമയം പൂർത്തീകരിക്കാത്ത കോൺട്രാക്ടറിൽ നിന്നും ഫൈൻ ഈടാക്കിയതായി കാണുന്നില്ല. പ്രവർത്തിയുടെ വിശദാംശങ്ങളും ഈടാക്കേണ്ടിയിരുന്ന ഫൈനിന്റെ വിവരവും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| പ്രോജക്ട് നം. | : | 102/18 |
| പ്രോജക്ടിന്റെ പേര് | : | കൃഷിഭവൻ നവീകരണം |
| നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| കോൺട്രാക്ടറുടെ പേര് | : | കെ.ജി.ഗോപി |
| എഗ്രിമെന്റ് നം. | : | *05/AE/LSGD/PBLM/16-17, തീ. 07.09.2016* |
| അടങ്കൽ: മെയിന്റനൻസ് ഫണ്ട് -റോഡിതരം | | 495000/- രൂപ |
| ചെലവ് | : | 4,80,987/-<br>ട്രഷറി ബിൽ നം. 11 തീ.13.10.2017- 33597/- രൂപ<br>ട്രഷറി ബിൽ നം. 21 തീ.17.3.2018- 104507/- രൂപ<br>3,42,883/- (മുൻവർഷ ചെലവ്) |
| എം.ബുക്ക് നം | : | 19/15-16, 28/16-17, 14/17-18 |
| എഗ്രീഡ് പി.എ.സി | : | 4,81,858/- |
| സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി | : | 07.09.2016 |
| പൂർത്തികരണ കാലാവധി | : | 6 മാസം |
| പ്രവർത്തി പൂർത്തികരിക്കേണ്ട തീയതി | : | 06.03.2017 |
| പ്രവർത്തി പൂർത്തികരിച്ച തീയതി | : | 28.03.2017 (എം. ബുക്ക് 19/15-16 പേജ് നം.49) |
| ഈടാക്കേണ്ടിയിരുന്ന ഫൈൻ | : | 4819/- രൂപ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഫൈൻ ഈടാക്കാതിരുന്നതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം (4819/- രൂപ) കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-9 ബാരൽ വില ഈടാക്കാത്തത് പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

2017-18 സാമ്പത്തിക വർഷം പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ നിന്നും ഫൈനൽ ബിൽ നല്കിയ താഴെപ്പറയുന്ന മരാമത്ത് വേലകളിൽ നിന്നും ബാരൽ വില കുറവ് ചെയ്തതായി കാണുന്നില്ല. എസ്റ്റിമേറ്റിൽ ടാർ ഉപയോഗിച്ച ഇനങ്ങൾക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്കാണ് നല്കിയിരിക്കുന്നത്. 2012-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് സെക്ഷൻ. II റേറ്റ് ഓഫ് മെറ്റീരിയൽ ക്രമ നം. 600 പ്രകാരം Empty steel drum of 450mm dia 1.2m high-ന്റെ വില 238/- രൂപയാണെന്ന് കാണുന്നു. പ്രവർത്തിക്ക് പാക്ക്ഡ് ബിറ്റുമെൻ നിരക്ക് നല്കിയതിനാൽ ഉപയോഗിച്ച ടാറിന്റെ

ബാരൽ വിലയായി 238/-രൂപ ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | പ്രോജക്റ്റ് നം. | : | 75/18 |
| | പ്രോജക്റ്റിന്റെ പേര് | : | ആശുപത്രി കുഞ്ചാരം കവല റോഡ് മെറ്റലിംഗ് & ടാറിംഗ് |
| | നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| | കോൺട്രാക്റ്ററുടെ പേര് | : | പി. ജി. അനിൽകുമാർ |
| | എഗ്രിമെന്റ് നം. | : | *05/AE/LSGD/PBLM/17-18 തീ. 17.10.2017* |
| | അടങ്കൽ: മെയിന്റനൻസ് ഫണ്ട് – റോഡിതരം | | 450000/- രൂപ |
| | ചെലവ് | : | 4,12,138/- ട്രഷറി ബിൽ നം.19 തീ.17.03.2018- |
| | എം.ബുക്ക് നം | : | 8/17-18, 12/17-18 |
| | ആവശ്യമായ ടാറിന്റെ അളവ് | : | പ്രൈം കോട്ട് - എസ്.എസ്.1- 642.6kg (.85kgx756m2)- 4 ബാരൽ<br>ടാക്ക് കോട്ട്- ആർ.എസ്.1-207.9kg (.275kgx756m2)- 2 ബാരൽ<br>20mm പ്രിമിക്സ് കാർപ്പെറ്റിംഗ്, സീൽ കോട്ട്- വി.ജി.30- 1595.16 (2.11kgx756m2)-11ബാരൽ |
| | ബാരൽ വിലയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | : | 4046/- രൂപ (17ബാരൽ x238/- രൂപ) |
| 2. | പ്രോജക്റ്റ് നം. | : | 76/18 |
| | പ്രോജക്റ്റിന്റെ പേര് | : | ചമതച്ചിറ പുന്നപ്പറമ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ് |
| | നിർവ്വഹണം | : | അസിസ്റ്റന്റ് എഞ്ചിനീയർ |
| | കോൺട്രാക്റ്ററുടെ പേര് | : | സെയ്ഫുദീൻ.വി.എസ് |
| | എഗ്രിമെന്റ് നം. | : | *01/AE/LSGD/PBLM/17-18 തീ. 26.09.2017* |
| | അടങ്കൽ | | 15,50,000/- രൂപ |
| | ചെലവ് | : | 9,36,757/-<br>1. ട്രഷറി ബിൽ നം.26 തീ.26.03.2018- 750000<br>2. ട്രഷറി ബിൽ നം.29 തീ.28.03.2018- 186757 |
| | എം.ബുക്ക് നം | : | 16/17-18 |
| | ആവശ്യമായ ടാറിന്റെ അളവ് | : | പ്രൈം കോട്ട്- എസ്.എസ്.1- 1530kg (.85kgx1800m$^2$)- 9 ബാരൽ |

| | | |
|---|---|---|
| | | ടാക്ക് കോട്ട്- ആർ.എസ്.1-495kg (.275kgx1800m$^2$)- 3ബാരൽ<br>20mm പ്രിമിക്സ് കാർപ്പെറ്റിംഗ്, സീൽ കോട്ട്- വി.ജി.30- 3798 (2.11kgx1800m$^2$) – 25ബാരൽ |
| ബാരൽ വിലയിനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | : | 8806/- രൂപ (37ബാരൽ x238/- രൂപ) |

ബാരൽ വില ഈടാക്കാതിരുന്നതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ 12852/- രൂപയുടെ നഷ്ടം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 പദ്ധതി തുകയുടെ വിനിയോഗവിവരം ഹാജരാക്കുന്നത്

പ്രൊജക്റ്റ് നം. 2/18 പ്രകാരം ഐ.കെ.എം.ന് നല്കുന്നതിനായി 30200/-രൂപ ബിൽ നം 5/ 17-18 തീയതി 20.7.17 പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ഒടുക്കിയതിന്റെ രേഖകൾ ഒന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 16, തീ. 23.01.2019) നല്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക (30200/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 രേഖകൾ ഹാജരാക്കാത്തതു സംബന്ധിച്ച്

എ) കൈപ്പറ്റ് രസീത്, കരാർ ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ വൈദ്യുതീകരണ പദ്ധതികളുടെ നടത്തിപ്പിനായി വിവിധ പ്രൊജക്റ്റുകൾ മുഖേന കെ.എസ്.ഇ.ബി-യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി. യുമായി കരാറിലേർപ്പെട്ടിട്ടില്ല. തുകകൾ കൈപ്പറ്റിയതിന്റെ രസീതുകൾ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കിയിട്ടുമില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | തുക | ട്രഷറി ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | 8 | അംഗൻവാടി വൈദ്യുതീകരണം | 24798 | 33/8.2.18 |
| 2 | 100 | തെരുവ് വിളക്ക് വ്യാപനം | 500698<br>54023 | 47/21.3.18<br>44/14.3.18 |
| 3 | 103 | വാത്തികാട് കോടാലിചിറ സ്ട്രീറ്റ് ലൈറ്റ് വ്യാപനം | 227860 | 28/11.1.18 |
| 4 | 104 | വിട്ട്കിട്ടിയ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ | 15900 | 41/6.3.18 |
| | | ആകെ | 823279 | |

ബി) ഫയൽ ഹാജരാക്കിയില്ല

തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്കായി പ്രൊജക്റ്റ് നം 49/18 പ്രകാരം 70500/- രൂപ (ട്രഷറി ബിൽ നം.7, തീയതി - 20.07.2018, 61200/- രൂപ, 10, തീയതി – 31.07.2018, 9300/- രൂപ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ

ഇതു സംബന്ധിച്ച ഫയൽ ഹാജരാക്കിയിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

സി) വാത്തികാട് ജട്ടി മെയിന്റനൻസ് -കൈപറ്റ് രസീത് ,വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

വാത്തികാട് ജട്ടി മെയിന്റനൻസിനായി പ്രൊജക്റ്റ് നം 129/18 പ്രകാരം ജലസേചന വകുപ്പിൽ 1,26,000/- രൂപ നിക്ഷേപിച്ചതായി കാണുന്നു (ബിൽ നം. 40/6.3.18). എന്നാൽ തുക ജലസേചന വകുപ്പിൽ ഒടുക്കിയതായോ വകുപ്പുമായി കരാറിലേർപ്പെട്ടതായോ കാണുന്നില്ല.

രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15, തീ – 22.01.2019) നല്കിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുകയായ 1019779/- രൂപ (823279 + 70500 + 126000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ഐ.കെ.എം വിഹിതം -ടെക്നിക്കൽ അസിസ്റ്റന്റിന്റെ കുടിശ്ശിക വേതനം- മതിയായ രേഖകളില്ലാതെ തുക അനുവദിച്ചു

പ്രോജക്റ്റ് നം. - എസ്002/18

പ്രോജക്ടിന്റെ പേര് - ഐ.കെ.എം. വിഹിതം – ടി.എ.യുടെ വേതനം

അടങ്കൽ: വികസന ഫണ്ട് - 3,27,700/- രൂപ

ചെലവ് - 65500/- രൂപ (ട്രഷറി ബിൽ നം.11 തീ. 16.08.2017)

പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ മേൽ ട്രഷറി ബിൽ പ്രകാരം മാറിയ 65500/- രൂപയിൽ 45500/- രൂപ ചെലവഴിച്ചിരിക്കുന്നത് ടെക്നിക്കൽ അസിസ്റ്റന്റിന്റെ കുടിശ്ശിക വേതനം നല്കുന്നതിനായാണ്. എന്നാൽ നല്കിയ കുടിശ്ശിക വേതനം ഏത് കാലയളവിലേയ്ക്കുള്ളതാണെന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വേതന കുടിശ്ശിക അനുവദിക്കുന്നതിനായുള്ള ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെയാണ് കുടിശ്ശിക വേതനം അനുവദിച്ചിരിക്കുന്നത്. തന്മൂലം അനുവദിച്ച തുകയുടെ അർഹത പരിശോധിക്കാനായില്ല. രേഖകളുടെ അഭാവത്തിൽ 45500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 214643 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 0 | 214643 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 170000 | നെൽകൃഷി വ്യാപനം | 0 | 170000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ശാരീരിക മാനസിക വെല്ലുവിളു നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | സാന്ത്വനപരിചരണം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 130000 | പച്ചക്കറി വിപണനം | 130000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 137753 | പൂരക പോഷകാഹാരം (സ്പിൽ ഓവർ) | 0 | 137753 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 456190 | 0 | 456190 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ച ടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനവായ്പ | സ.ഉ.ത.സ്വ 69/10 തീയതി – 15.03.2010 | 6993000 | 1,54,382 | 259804 | - | (-)105422 |

അധിക തുക അടച്ചത് സംബന്ധിച്ച് ഖണ്ഡിക 3-2-ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2006-07 | 3 | 900 | സോണിയ, എ. ഒ | 11701010297/13.7 |
| - | - | 7109 | ഐ.സി.ഡി.എസ് | 117010100423/25.08.17 |
| 2016-17 | | 3250 | അജിത്ത്. പി. യു, റ്റി. എ | 117010100101/17.10.17 |
| | | 1000 | ശിവദാസൻ, എ. ഒ | 117010101373/01.03.18 |
| | ആകെ | 12259 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| ഖണ്ഡിക നം. | സർചാർജ് ചെയ്യാവുന്ന തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 12852/- | ശ്രീമതി. ജാൻസി, അസിസ്റ്റന്റ് എഞ്ചിനീയർ |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30723914 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 34450447 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 12852 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1527722 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 (1, 2) | | 12852 | ശ്രീമതി. ജാൻസി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 12852 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 214643 | ശ്രീ. പി. എസ്. വിപിനചന്ദ്രൻ, സെക്രട്ടറി |
| 3-4 | 35000 | ശ്രീമതി. ജയന്തി. വി. കെ, ഹെഡ് മിസ്ട്രസ് |
| 3-6 | 9000 | ശ്രീ. മനോജ്. കെ. കെ, വി.ഇ.ഒ |
| 3-7 | 173600 | |
| 3-10 | 30200 | ശ്രീമതി. ബിജി. എസ്, സെക്രട്ടറി |
| 3-11 (a,b,c) | 70500 | ശ്രീമതി. ബിജി. എസ്, സെക്രട്ടറി |
| | 24798 | ശ്രീ. പി. എസ്. വിപിനചന്ദ്രൻ, സെക്രട്ടറി |
| | 924481 | ശ്രീമതി. ലത. എ. മേനോൻ, സെക്രട്ടറി |
| 3-12 | 45500 | ശ്രീമതി. ബിജി. എസ്, സെക്രട്ടറി |
| ആകെ | 1527722 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജയന്തി. വി. കെ, ഹെഡ്മാസ്റ്റർ | എച്ച്.എം, പെരുമ്പളം | കൃഷ്ണ നിവാസ്, പൂത്തോട്ട |
| ശ്രീമതി. ജാൻസി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പെരുമ്പളം | ഫാത്തിമ മൻസിൽ, മാങ്കാംകുഴി പി.ഒ |
| ശ്രീ. പി. എസ്. വിപിനചന്ദ്രൻ, സെക്രട്ടറി | സെക്രട്ടറി, കുത്തിയതോട് ഗ്രാമപഞ്ചായത്ത് | ചന്ദ്രലേഖ, കാട്ടൂർ. പി. ഒ, കലവൂർ, ആലപ്പുഴ |
| ശ്രീമതി. ബിജി.എസ്, സെക്രട്ടറി | സെക്രട്ടറി, പുന്നപ്ര സൗത്ത് ഗ്രാമപഞ്ചായത്ത് | ഐശ്വര്യ, തിരുവമ്പാടി. പി. ഒ, ആലപ്പുഴ |
| ശ്രീ. മനോജ്. കെ. കെ, വി.ഇ.ഒ | വി.ഇ.ഒ, അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് | കടവിൽത്തറ, അരൂർ. പി. ഒ ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ജി.എ-10-941/09/.11.2010 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/17.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/17.01.2012 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/17.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/17.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2004-05 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2005-06 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |

| | |
|---|---|
| 2006-07 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2007-08 | എൽ.എഫ്.ജി.എ പി9 1764/11/13.04.2012 |
| 2008-09 | എൽ.എഫ്.ജി.എ പി9 1765/11/13.04.2012 |
| 2009-10 | എൽ.എഫ്.ജി.എ പി9 1766/11/13.04.2012 |
| 2010-11,2011-12 | എൽ.എഫ്.ജി.എ പി9 1401/12/18.12.2012 |
| 2012-13 | എൽ.എഫ്.ജി.എ പി9 1018/14/22.09.2014 |
| 2013-14 | എൽ.എഫ്.ജി.എ പി9-886/15/17.07.2015/04.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-552/16 തീയതി. 21.05.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി12-1306/16 തീയതി. 22.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി1202/17 തീയതി. 16.09.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം - 1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1126(39)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 24.07.2018

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ആലപ്പുഴ